## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4783 | | 26.06.2019-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| ജൈവമാലിന്യങ്ങളിൽ നിന്ന് വളം നിർമ്മാണം | | | |
| ചോദ്യം | | ഉത്തരം | |
| ശ്രീ.രാജു എബ്രഹാം | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | മാലിന്യ സംസ്കരണത്തിന് പഞ്ചായത്തുകളെ സഹകരിപ്പിച്ച് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | ആവിഷ്ക്കരിച്ചിട്ടുണ്ട്. ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധി ഗാർഹിക തലത്തിലും കമ്മ്യൂണിറ്റിതലത്തിലും സംസ്കരിക്കപ്പെടുന്നതിനായി ആവിഷ്ക്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നു.<br>1. വീടുകളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിങ്ങ്, ബയോമെതനേഷൻ രീതിയിൽ)<br>2. കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതി.<br>3. വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഹരിത കർമസേനയുടെ ഉത്തരവാദിത്വത്തിൽ അജൈവ മാലിന്യ ശേഖരണം<br>4. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ.<br>5. അജൈവ മാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് ക്ലീൻ കേരള കമ്പനി വഴി പി.ഡബ്ല്യൂ.ഡി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുക..<br>6. ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ<br>7. ഗ്രാമപഞ്ചായത്തുകൾ ഉൾപ്പടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ക്ലസ്റ്ററുകളായി തിരിച്ച് കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ.<br>ഗ്രാമ പഞ്ചായത്തുകളുടെ പ്ലാൻ ഫണ്ടിന്റെ പൊതു വിഹിതത്തിന്റെ 10% മാലിന്യ സംസ്കരണത്തിന് ഊന്നൽ നൽകി നീക്കി വയ്ക്കുന്നതിന് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ വ്യവസ്ഥ ചെയ്യുന്നുണ്ട്. പ്രസ്തുത പദ്ധതികൾ ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്നതിലേക്കായി വികസനഫണ്ട്, തനത്ഫണ്ട്, കേന്ദ്രാവിഷ്കൃത പദ്ധതി ഫണ്ട് എന്നിവ വകയിരുത്തി തയ്യാറാക്കി നൽകുന്ന പ്രോജക്ടുകൾക്ക് ശുചിത്വ മിഷനിൽ നിന്നും സാങ്കേതിക അനുമതിയും അർഹമായ സാമ്പത്തിക സഹായവും അനുവദിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | അജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേകമായ എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | അജൈവമാലിന്യ സംസ്കരണത്തിന്, ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവിടങ്ങളിൽ രൂപീകരിക്കുന്ന ഹരിത കർമ്മസേന വഴി ശേഖരിച്ച് മെറ്റീരിയൽ കളക്ഷൻ ഫസിലിറ്റിയിൽ സംഭരിച്ച്, തരംതിരിച്ച് റീ സൈക്ലിംഗിനായി കൈമാറുന്നതിനും, പുനഃചംക്രമണ സാധ്യത ഇല്ലാത്തവ ഷ്രെഡ്ഡ് ചെയ്ത് പി.ഡബ്ല്യൂ.ഡി/തദ്ദേശ സ്വയംഭരണങ്ങൾക്ക് റോഡ് ടാറിംങിനായി ഷ്രഡ് ചെയ്ത് കൈമാറുന്നതിനുള്ള റിസോഴ്സ് റിക്കവറി ഫെസിലിറ്റികൾ സ്ഥാപിക്കുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. റിസോഴ്സ് റിക്കവറി ഫെസിലിറ്റികളിൽ, പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ്, ബെയിലിംഗ് യൂണിറ്റ് എന്നിവ സ്ഥാപിക്കുന്നതിനും തദ്ദേശ സ്ഥാപനങ്ങൾ നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവമാലിന്യ പരിപാലനത്തിനായി 505 മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, 107 റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും തദ്ദേശ സ്ഥാപനങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ഇക്കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ശുചിത്വ മിഷൻ, ക്ലീൻകേരള കമ്പനി എന്നിവ മുഖേന സാങ്കേതിക സഹായം നൽകിവരുന്നുണ്ട്. ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിൽ തരംതിരിച്ച അജൈവമാലിന്യങ്ങൾ സുരക്ഷിത പുനഃചംക്രമണം ഉറപ്പാക്കുന്നതിലേക്ക് ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അജൈവ വസ്തുക്കളുടെ ശേഖരണം, പുനഃചംക്രമണം എന്നീ പ്രവർത്തനങ്ങൾ നടത്തുന്നതിന് പാഴ് വസ്തു വ്യാപാരികളുടെ സംഘടനയുമായും പ്ലാസ്റ്റിക് റീസൈക്ലിംഗ് മേഖലയിലെ സംഘടനകളുമായും ഹരിത കേരളം മിഷന്റെ നേതൃത്വത്തിൽ പ്രവർത്തനം നടന്നുവരുന്നു. |
| (സി) | ജൈവമാലിന്യങ്ങൾ സംസ്കരിച്ച് വളം നിർമ്മാണം ഉൾപ്പെടെയുള്ള പദ്ധതികൾ പഞ്ചായത്തുകളിൽ നടപ്പാക്കുന്നതിന് എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (സി) | ഗ്രാമപഞ്ചായത്തുകളിൽ ഉറവിട മാലിന്യ സംസ്കരണത്തിന്റെ ഭാഗമായി വീടുകളിലും, സ്ഥാപനങ്ങളിലും സ്ഥാപിച്ചിട്ടുള്ള കിച്ചൻ ബിൻ, പോർട്ടബിൾ ബയോ ബിൻ, ബയോഡൈജസ്റ്റർ പോട്ട്, ബയോ കമ്പോസ്റ്റർ, റിംഗ് കമ്പോസ്റ്റ് തുടങ്ങിയ ഉപാധികൾ വഴി സംസ്കരിക്കുന്ന ജൈവമാലിന്യം ജൈവ കൃഷിക്കോ, പൂന്തോട്ടങ്ങളുടെ പരിപാലനത്തിനോ ഉപയോഗിച്ചുവരുന്നു. കൂടാതെ പ്രതിദിനം 50-75 കിലോവരെ ജൈവമാലിന്യം ഉൽപാദിപ്പിക്കുന്ന സ്ഥാപനങ്ങൾക്ക് എയറോബിക് കമ്പോസ്റ്റിംഗ് യൂണിറ്റുകൾ (തുമ്പൂർമൂഴി മാതൃക) വഴി സംസ്കരിക്കുന്ന സംവിധാനങ്ങൾ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങൾ വഴി സ്ഥാപിച്ചുവരുന്നുണ്ട്. കൂടാതെ കേന്ദ്രീകൃത ജൈവ മാലിന്യ സംസ്കരണ പ്ലാന്റുകൾ (വെർമി, വിൻഡ്രോ) ചില തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ സ്ഥാപിച്ച് ജൈവവളം ഉത്പാദിപ്പിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ